## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 7140 — 03/11/2011- ലെ മറുപടിക്ക്

### വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഷിബു ബേബി ജോൺ (തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; | (എ) ഇല്ല |
| (ബി) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ എത്ര ഗ്രൂപ്പുകൾക്ക് സംരംഭകത്വപരിശീലനം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | (ബി) വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ സംരംഭകത്വപരിശീലനം നൽകിയിട്ടില്ല. |
| (സി) പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എത്ര വിവിധോദ്ദേശ തൊഴിൽ ക്ലബ്ബുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | പ്രസ്തുത പദ്ധതി പ്രകാരം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂക്കോട് ഡയറിഫാം എന്ന പേരിൽ 5 അംഗങ്ങൾ ഉൾപ്പെട്ട ഒരു ജോബ് ക്ലബ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ആയതിന് 8,00,000/- രൂപ വായ്പയായും 2,00,000/- രൂപ സബ്സിഡിയായും നൽകിയിട്ടുണ്ട്. |
| (ഡി) പ്രസ്തുത പദ്ധതി പ്രകാരം തൊഴിൽ രഹിതരെ സംഘടിപ്പിക്കാനും, ക്ലബ്ബ് രൂപീകരിക്കുവാനും പാലക്കാട് ജില്ലയിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ; | (ഡി) പാലക്കാട് ജില്ലയിൽ തൊഴിൽ രഹിതരെ സംഘടിപ്പിക്കുന്നതിനും ക്ലബുകൾ രൂപീകരിക്കുന്നതിനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസറെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ജോബ് ക്ലബ് പദ്ധതി അപേക്ഷ |

പാസാക്കുന്നതിനും വായ്പയ്ക്ക് ശുപാർശ ചെയ്യുന്നതിനുമായി ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ കൺവീനറും, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പരിശീലന വകുപ്പിന്റെ പ്രതിനിധി, ജനശിക്ഷൺ സൻസ്ഥാൻ, റൂഡ്സെറ്റ് ഡയറക്ടർ തുടങ്ങിയവർ അംഗങ്ങളായ ജില്ലാ കമ്മിറ്റിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ഇ) പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ അടിയന്തിരമായി സംഘടിപ്പിക്കുവാൻ നിർദ്ദേശം നൽകാമോ; വിശദാംശം ലഭ്യമാക്കാമോ?

ഇത് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ നടത്തി വരുന്ന തുടർ പദ്ധതിയാണ്. നടപ്പ സാമ്പത്തിക വർഷം പദ്ധതിക്കായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഒരു കോടി രൂപയിൽ നിന്നും 33 ലക്ഷം രൂപ ഗുണഭോക്താക്കൾക്ക് വിതരണം നടത്തിക്കഴിഞ്ഞു. ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്ന മുറയ്ക്ക് ക്ലബുകൾക്ക് സബ്സിഡി വിതരണം നടത്തുന്നതിനും, അവ മോണിറ്റർ ചെയ്യുന്നതിനുമുള്ള തുടർ പ്രവർത്തനങ്ങൾ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് തലത്തിൽ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ